സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാള്യം: 59 | ലക്കം: 162 | 2024 ഒക്ടോബർ 11 വെള്ളി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## തരിഗാമി ജമ്മുകാശ്മരിൽ സിപിഎം മന്ത്രി

ന്യൂഡൽഹി: നീണ്ട വർഷങ്ങൾക്കുശേഷം കേരളമല്ലാതെ മറ്റൊരു സംസ്ഥാനത്തും സിപിഎം മന്ത്രിവരുന്നു. കാശ്മീരിൽ നിന്ന് വിജയിച്ച സിപിഎം അംഗം മുഹമ്മദ് യൂസുഫ് തരിഗാമി നാഷണൽ കോൺഫറൻസ് മന്ത്രിസഭയിലേക്ക് എത്തുമെന്നാണ് റിപ്പോർട്ട്. സിപിഎം കേന്ദ്ര നേതൃത്വവുമായി നാഷണൽ കോൺഫറൻസ് ചർച്ച തുടങ്ങി. രണ്ടുദിവസത്തിനകം ഇക്കാര്യത്തിൽ തീരുമാനമുണ്ടാകും. തരിഗാമി മന്ത്രിയാവുകയാണെങ്കിൽ രാജ്യത്തിന്റെ തെക്കേയറ്റത്തുള്ള കേരളത്തിനൊപ്പം വടക്കേ അറ്റത്തുള്ള കാശ്മീരിലും സിപിഎമ്മിന് മന്ത്രിയുണ്ടാവും.

കാശ്മീരിലെ കുൽഗാം മണ്ഡലത്തിൽ വ്യക്തമായ ഭൂരിപക്ഷത്തോടെയാണ് പാർട്ടി കേന്ദ്ര കമ്മിറ്റി അംഗം കൂടിയായ തരിഗാമി വിജയിച്ചത്. 1996ലാണ് കുൽഗാമിൽനിന്ന് തരിഗാമി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടത്.

# ഹേമ കമ്മിറ്റിയിൽ ചർച്ചയില്ല, സഭയ്ക്ക് അപമാനം

## സ്ത്രീകൾ എന്തുവിശ്വസിച്ച് മൊഴിനൽകും? – സതീശൻ



തിരു: ഹേമ കമ്മിറ്റി റിപ്പോർട്ട് സർക്കാർ നിയമസഭയിൽ ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നില്ലെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ. ഇക്കാര്യം ചോദ്യത്തിൽ ഉൾപ്പെടുത്താനോ അടിയന്തര പ്രമേയ ചർച്ചയ്ക്ക് വയ്ക്കാനോ ഇതുസംബന്ധിച്ച ചോദ്യം ചോദിക്കാനോ സഭയിൽ അനുമതിയില്ല. നിയമസഭ കൗരവസഭയായി മാറിയെന്നും സതീശൻ പറഞ്ഞു. ഇത്രയും ഗൗരവതരമായ വിഷയം ചർച്ചചെയ്തില്ലെന്നത് കേരള നിയമസഭയ്ക്ക് അപമാനകരമായ കാര്യമാണ്. ഹേമാ കമ്മിറ്റി റിപ്പോർട്ട് നിയമസഭയിൽ ചർച്ചയ്ക്ക് കൊണ്ടുവരാൻ അനുമതി ലഭിക്കാത്ത പശ്ചാതലത്തിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു പ്രതിപക്ഷ നേതാവ്.

ഹേമാ കമ്മിറ്റി റിപ്പോർട്ട് ചോദ്യമായി നൽകിയപ്പോൾ ചോദ്യത്തിൽ ഇതെല്ലാം കൊള്ളില്ല, സബ്മിഷനോ മറ്റോ വഴി നിയമസഭയിൽ ഇത് കൊണ്ടുവരണമെന്നാണ് സ്പീക്കർ എ.എൻ. ഷംസീർ പറഞ്ഞത്. ചോദ്യത്തിന് മറുപടിയുമില്ല, ചോദ്യം ചോദിക്കാനും സമ്മതിക്കില്ല. അടിയന്തരപ്രമേയ ചർച്ചയ്ക്കും വെയ്ക്കില്ല. സർക്കാർ ഈവിഷയം ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നില്ല എന്നാണ് ഇത് അർഥമാക്കുന്നത്.

കേരളത്തിലെ സ്ത്രീകളെ ഗുരുതരമായി ബാധിച്ച ഇതുപോലൊരു വിഷയം നിയമസഭയിൽ ചർച്ച ചെയ്തില്ലെങ്കിൽ പിന്നെ എവിടെയാണ് ചർച്ച ചെയ്യേണ്ടത്? കേരളത്തിലെ നിയമസഭ കൗരവ സഭയായി മാറുകയാണ്. അനുമതി നിഷേധിച്ചത് ഞെട്ടലുളവാക്കുന്ന കാര്യമാണ്. ഹേമ കമ്മിറ്റി റിപ്പോർട്ട് കൊടുക്കുമ്പോൾ സുപ്രീംകോടതി മാനദണ്ഡങ്ങൾ പാലിച്ചു വേണം എന്നുണ്ട്. അതിനെയാണ് മുഖ്യമന്ത്രിയും സാംസ്കാരിക മന്ത്രി സജി ചെറിയാനും ചേർന്ന് റിപ്പോർട്ട് പുറത്തുകൊടുക്കരുതെന്ന് ജസ്റ്റിസ് ഹേമ കത്ത് നൽകിയെന്ന് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നത്.

ഗുരുതരമായ കുറ്റകൃത്യങ്ങൾ നടന്നതായി മനസ്സിലായിട്ടും ഈ റിപ്പോർട്ട് നാലരവർഷം നിയമവിരുദ്ധമായി കൈയിൽവെച്ചു. പോക്സോ കേസടക്കം ഇതിനകത്തുണ്ട്. മന്ത്രിമാരും ഉദ്യോഗസ്ഥരും ചെയ്തത് ജയിൽശിക്ഷ അർഹിക്കുന്ന ക്രിമിനൽക്കുറ്റമാണ്. ഇപ്പോൾ പലരും മൊഴി തരാൻ തയ്യാറാകുന്നില്ലെന്നാണ് സർക്കാർ പറയുന്നത്. ഈ സർക്കാരിന്റെ മുന്നിൽ സ്ത്രീകൾക്ക് എങ്ങനെ വിശ്വസിച്ച് മൊഴി നൽകാനാകുമെന്നും സതീശൻ ചോദിച്ചു.

ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ഒരു പേജും സർക്കാർ മറച്ചു വെച്ചിട്ടില്ലെന്നായിരുന്നു സാംസ്കാരികവകുപ്പ് മന്ത്രി സജി ചെറിയാൻ സഭയിൽ അന്ന് പ്രതികരിച്ചത്. വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കണമെന്ന് അറിയിച്ചത് വിവരാവകാശ കമ്മിഷൻ ആണെന്നും സജി ചെറിയാൻ പറഞ്ഞു. ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാനത്ത് സിനിമാ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു കമ്മിറ്റി രൂപവത്കരിച്ചത് ഒന്നാം പിണറായി സർക്കാരാണെന്നും സജി ചെറിയാൻ പറഞ്ഞു. കർണാടകയിൽ ഇത്തരമൊരു കമ്മിറ്റി നിയോഗിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നത് കേരളത്തിനെ മാതൃകയാക്കിയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

അടിയന്തര പ്രമേയത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്നും ഇറങ്ങിപ്പോയി.

## ലെബനനിൽ ആക്രമണം തുടർന്ന് ഇസ്രയേൽ; 22 പേർ കൊല്ലപ്പെട്ടു, 117 പേർക്ക് പരിക്ക്

ബെയ്റൂത്ത്: ലെബനനിൽ വീണ്ടും ഇസ്രയേൽ വ്യോമാക്രമണം. ഹിസ്ബുള്ളയെ ലക്ഷ്യമിട്ടുള്ള ആക്രമണത്തിൽ 22 പേർ കൊല്ലപ്പെടുകയും 117 പേർക്ക് പരിക്കേൽക്കുകയും ചെയ്തെന്ന് ലെബനൻ ആരോഗ്യമന്ത്രാലയം അറിയിച്ചു.

ആക്രമണത്തിൽ ബുർജ് അബി ഹൈദർ ഏരിയയിലെ 8നില കെട്ടിടം പൂർണമായും നിലംപൊത്തിയതായി ലെബനീസ് അധികൃതർ പറഞ്ഞു. റാസ് അൽ -നബാ, ബുർജ് അബി ഹൈദർ എന്നീ പ്രദേശങ്ങളെ ലക്ഷ്യമിട്ടായിരുന്നു വ്യോമാക്രമണം.

കഴിഞ്ഞ ഏതാനും ആഴ്ചകളായി തുടരുന്ന അക്രമങ്ങളിൽ നൂറുകണക്കിന് ആളുകളാണ് കൊല്ലപ്പെട്ടത്. ലക്ഷക്കണക്കിനാളുകൾക്ക് വീടുവിട്ട് പോകേണ്ടി വന്നു. ലെബനന്റെ തെക്കൻ മേഖലയിൽ ദിവസങ്ങൾക്ക് മുമ്പ് നടന്ന ആക്രമണത്തിൽ 10 അഗ്നിരക്ഷാസേനാംഗങ്ങൾ കൊല്ലപ്പെട്ടിരുന്നു.

വ്യോമാക്രമണം കൂടാതെ തെക്കൻ ലെബനനിലെ ഹിസ്ബുള്ളയുടെ താവളങ്ങൾ ലക്ഷ്യമിട്ട് ഒക്ടോ. 1 മുതൽ ഇസ്രയേൽ കരയാക്രമണവും നടത്തുന്നുണ്ട്. തെക്കൻ ലെബനനിലെ ഐക്യരാഷ്ട്രസഭയുടെ സമാധാന സേനാംഗങ്ങൾക്ക് നേരെ ഇസ്രയേലി സേന വെടിയുതിർക്കുകയും 2 പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

ഹിസ്ബുള്ളയെ ഒഴിവാക്കിയില്ലെങ്കിൽ ഗാസയെ പോലെ തകർത്തു കളയുമെന്ന് ലെബനന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു കഴിഞ്ഞ ദിവസം താക്കീത് നൽകിയിരുന്നു. ഹിസ്ബുള്ളയെ ലെബനനിൽ പ്രവർത്തിക്കാൻ അനുവദിച്ചാൽ ഗാസയ്ക്ക് സമാനമായ വിധി നേരിടേണ്ടിവരും. കൂടുതൽ നാശങ്ങൾ ഒഴിവാക്കാൻ ഹിസ്ബുള്ളയിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കാനും വീഡിയോ സന്ദേശത്തിൽ നെതന്യാഹു ലെബനീസ് ജനതയോട് ആവശ്യപ്പെട്ടിരുന്നു.

## ബംഗ്ലാദേശിലെ കാളീദേവി ക്ഷേത്രത്തിൽ മോദി സമർപ്പിച്ച കിരീടം മോഷണംപോയി

ധാക്ക: ബംഗ്ലാദേശിൽ സത്ഖിരയിലെ ജശോരേശ്വരി ക്ഷേത്രത്തിലെ കാളീ വിഗ്രഹത്തിന് പ്രധാനമന്ത്രി നരേന്ദ്രമോദി സമർപ്പിച്ച കിരീടം മോഷണം പോയി. വെള്ളിയിൽ നിർമ്മിച്ച് സ്വർണം പൂശിയ കിരീടം ഇന്നലെ ഉച്ചകഴിഞ്ഞാണ് മോഷണം പോയതെന്നാണ് കരുതുന്നത്. ഇന്നലെ ഉച്ചയ്ക്ക് പൂജകഴിഞ്ഞ് പൂജാരി പോകുന്നതുവരെ വിഗ്രഹത്തിൽ കിരീടം ഉണ്ടായിരുന്നു എന്നാണ് റിപ്പോർട്ട്. ക്ഷേത്രം വൃത്തിയാക്കാനെത്തിയവരാണ് കിരീടം നഷ്ടപ്പെട്ടതായി കണ്ടെത്തിയത്. അധികൃതർ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. 2021 മാർച്ചിൽ ബംഗ്ലാദേശ് സന്ദർശന വേളയിലാണ് പ്രധാനമന്ത്രി കിരീടം ക്ഷേത്രത്തിന് സമർപ്പിച്ചത്. ക്ഷേത്രത്തിൽ ഇന്ത്യ വിവിധോദ്ദേശ്യ ഹാൾ നിർമ്മിച്ചു നൽകുമെന്നും മോദി വാഗ്ദാനം ചെയ്തിരുന്നു.

## ഭാര്യയെ വെട്ടി പരിക്കേൽപ്പിച്ച ശേഷം ഭർത്താവ് തൂങ്ങിമരിച്ചു

കണ്ണൂർ: ചെറുപുഴയിൽ ഭാര്യയെ വെട്ടിപ്പരിക്കേൽപ്പിച്ച് ഭർത്താവ് തൂങ്ങിമരിച്ചു. പ്രാപ്പൊയിൽ സ്വദേശി ശ്രീധരൻ ആണ് ഭാര്യ സുനിതയെ വെട്ടിപ്പരിക്കേൽപ്പിച്ച ശേഷം ജീവനൊടുക്കിയത്. ഇന്ന് പുലർച്ചെയായിരുന്നു സംഭവം. കുടുംബ വഴക്കാണ് ദാരുണ സംഭവത്തിന് പിന്നിലെന്ന് പോലീസ് അറിയിച്ചു.

സുനിത ആശുപത്രിയിൽ ചികിത്സയിലാണ്. ശ്രീധരന്റെ മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കും.

# എണ്ണവില ഉയർന്നതിന് പിന്നാലെ രൂപക്ക് റെക്കോഡ് തകർച്ച

ന്യൂഡൽഹി: എണ്ണവില ഉയർന്നതിന് പിന്നാലെ രൂപക്ക് റെക്കോഡ് തകർച്ച. ഇന്ന് യു.എസ് ഡോളറിനെതിരെ ഏറ്റവും കുറഞ്ഞ നിരക്കിലേക്ക് രൂപയെത്തി. എണ്ണവില ഉയരുന്നതിനൊപ്പം ഇന്ത്യയിലെ ഓഹരി വിപണിയിൽ നിന്നും പണം കൂട്ടത്തോടെ പുറത്തേക്ക് ഒഴുകുന്നതും രൂപയുടെ തകർച്ചക്കുള്ള കാരണമായി.

ഡോളറിനെതിരെ രൂപയുടെ വിനിമയ മൂല്യം 83.99 ഡോളറിലേക്ക് ദുർബലമായി. സെപ്തംബർ 12ന് 83.98ലേക്കാണ് ദുർബലമായതായിരുന്നു ഈ അടുത്തുണ്ടായ ഏറ്റവും കുറഞ്ഞ നിരക്ക്. പിന്നീട് രണ്ടാഴ്ച കൊണ്ട് രൂപ തിരികെ വരികയായിരുന്നു.

എന്നാൽ, കഴിഞ്ഞ ദിവസം എണ്ണവില ഉയർന്നതും ഓഹരി വിപണിയിലെ ഫണ്ടുകൾ വലിയ രീതിയിൽ വിദേശത്തേക്ക് പോയതും രൂപയുടെ വിനിമയ മൂല്യത്തെ സ്വാധീനിക്കുകയായിരുന്നു.

അതേസമയം, അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ ഭാവി വിലകൾ 4ശതമാനം വരെ ഉയർന്നു. മിൽട്ടൺ ചുഴലിക്കാറ്റിന് മുമ്പുണ്ടായ എണ്ണ ഉപഭോഗത്തിലെ വർധനയാണ് വെസ്റ്റ് ടെക്സാസ് ഇന്റർമീഡിയേറ്റ് ക്രൂഡ് ഓയിലിന്റെ വില കൂടുന്നതിനുള്ള കാരണങ്ങളിലൊന്നായി വിലയിരുത്തുന്നത്.

അന്താരാഷ്ട്ര വിപണിയിൽ ബ്രെന്റ് ക്രൂഡിന്റെ ഭാവി വിലകൾ 2.82 ഡോളർ ഉയർന്നു. 3.7 ശതമാനം ഉയർച്ചയാണ് ബ്രെന്റ് ക്രൂഡിന് ഉണ്ടായത്. 79.40 ഡോളറായാണ് ബാരലിന് എണ്ണവില ഉയർന്നത്. വെസ്റ്റ് ടെക്സാസ് ഇന്റർമീഡിയേറ്റ് ക്രൂഡ് ഓയിലിന്റെ വില 3.6 ശതമാനം കൂടി 75.85 ഡോളറിലെത്തി.

ലോകത്തെ ഏറ്റവും വലിയ എണ്ണ ഉൽപാദക രാജ്യങ്ങളിലൊന്നും ഉപഭോക്താവുമായ യു.എസിൽ വീശിയടിച്ച മിൽട്ടൺ ചുഴലിക്കാറ്റ് എണ്ണവിലയെ സ്വാധീനിച്ചു. ചുഴലിക്കാറ്റ് മൂലം എണ്ണ വിതരണത്തിലും പല തടസ്സങ്ങളും നേരിടുന്നുണ്ട്. ഇത് വിലയിൽ പ്രതിഫലിക്കുന്നു.

ഇറാന്റെ ഇസ്രായേൽ ആക്രമണമാണ് ബ്രെന്റ് ക്രൂഡ് ഓയിലിന്റെ ഭാവി വില വർധിക്കാനുള്ള കാരണം. ഇറാന് ഇസ്രായേൽ തിരിച്ചടിയുണ്ടാക്കുമെന്ന റിപ്പോർട്ടുകൾ എണ്ണവിലയെ സ്വാധീനിക്കുന്നുണ്ട്. അതേസമയം, ഇറാന്റെ എണ്ണപ്പാടങ്ങളെ ഇസ്രായേൽ ആക്രമിച്ചാൽ അത് വലിയ പ്രത്യാഘതങ്ങൾ സൃഷ്ടിക്കുമെന്ന് ആശങ്കയുണ്ട്. ഗൾഫ് രാജ്യങ്ങൾ ഇറാന്റെ എണ്ണപ്പാടങ്ങളെ ആക്രമിക്കരുതെന്ന് ഇസ്രായേലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പാചകവാതക ചോർച്ച; ക്ഷേത്ര തിടപ്പള്ളിയിൽ പൊട്ടിത്തെറി, പൊള്ളലേറ്റ മേൽശാന്തിക്ക് ദാരുണാന്ത്യം



കിളിമാനൂർ: ക്ഷേത്രത്തിലെ തിടപ്പള്ളിയിൽ നിവേദ്യം തയ്യാറാക്കുന്ന സിലിൻഡറിൽ നിന്നു പാചകവാതകം ചോർന്ന് തീ പടർന്ന് പൊള്ളലേറ്റ് ചികിത്സയിലായിരുന്ന ക്ഷേത്ര മേൽശാന്തി മരിച്ചു. കിളിമാനൂർ പുതിയകാവ് ഭഗവതി ക്ഷേത്രത്തിലെ മേൽശാന്തി ചിറയിൻകീഴ് അഴൂർ പെരുങ്ങുഴി മുട്ടപ്പലം ഇലങ്കമഠത്തിൽ ജയകുമാരൻ നമ്പൂതിരി(49)യാണ് മരിച്ചത്.

തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഒന്നിന് വൈകീട്ട് 6.15–നാണ് അപകടം. ക്ഷേത്രത്തിലെ തിടപ്പള്ളിയിൽ നിവേദ്യം ഒരുക്കി പുറത്തിറങ്ങിയ ശേഷം പാചകവാതകം ചോരുന്നതറിയാതെ വിളക്കുമായി അകത്ത് കയറുമ്പോഴാണ് തീപ്പിടിത്തമുണ്ടായത്. സിലിൻഡറിന്റെ വാൽവിൽനിന്നാണ് പാചകവാതകം ചോർന്നത്.

ഉമാദേവിയാണ് മരിച്ച ജയകുമാരൻ നമ്പൂതിരിയുടെ ഭാര്യ. മക്കൾ: ആദിത്യ നാരായണൻ നമ്പൂതിരി, ആരാധിക.

## പരാതി അറിയിക്കാൻ ഇ–മെയിലും ഫോൺ നമ്പറും

തിരു:അതിജീവിതമാർക്ക് പരാതി അറിയിക്കാൻ സംവിധാനമൊരുക്കി പോലീസ്. റേഞ്ച് ഡിഐജി അജിതാ ബീഗത്തിന്റെ ഇ–മെയിലും ഫോൺ നമ്പറുമാണ് പ്രസിദ്ധീകരിച്ചത്. ഹേമ കമ്മിറ്റി റിപ്പോർട്ട് അന്വേഷിക്കുന്ന പ്രത്യേക സംഘമാണ് സംവിധാനമൊരുക്കിയത്.



